**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** | **08-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസനത്തിൽ ഉന്നതസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വികസനത്തിൽ രാജ്യത്ത് ഉന്നത സ്ഥാനത്തേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിൽ വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പരിഷ്കരണ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും, സുതാര്യമായും, സമയബന്ധിതമായും ലഭ്യമാക്കുന്നതിനും സംരംഭങ്ങൾക്ക് അഭിവൃദ്ധി പ്രാപിക്കാൻ ഉതകുന്ന വ്യവസായ അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിലും, കേരളം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഇളവുകളും നയമാറ്റങ്ങളും ലളിതമായ നടപടിക്രമങ്ങളുമെല്ലാം നടപ്പിലാക്കി. മികച്ച രീതിയിലുള്ള വ്യവസായിക നയങ്ങൾ, തദ്ദേശതലം വരെ ഫലപ്രദമായി നടപ്പിലാക്കാനും സംസ്ഥാനത്തിന് സാധിച്ചു. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സംരംഭകർക്ക് സേവനങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനായി കെ-സ്വിഫ്റ്റ്, കെ-സിസ്, തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി.<br><br>പ്രസ്തുത പരിഷ്കരണങ്ങൾ നടപ്പിലാക്കിയതുവഴി, 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം സ്വന്തമാക്കാൻ കേരളത്തിന് സാധിച്ചു. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡി.പി.ഐ.ഐ.ടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്.<br><br>നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന പ്രസ്തുത വിലയിരുത്തലിൽ കേരളത്തിന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചത്, സംസ്ഥാനം നടപ്പിൽ വരുത്തിയ മേൽപറഞ്ഞ പരിഷ്കരണങ്ങൾ ഫലപ്രാപ്തിയിൽ എത്തിയെന്നതിന് തെളിവാണ്. |
| (ബി) | ഇക്കാലയളവിൽ സംസ്ഥാനത്ത് സമാഹരിക്കാനായ നിക്ഷേപം എത്രയെന്ന് അറിയിക്കുമോ; | (ബി) | കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും ഉത്തരവാദിത്ത നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും, അവയുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നല്കുന്നതിനുമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. കഴിഞ്ഞ 5 വർഷ കാലയളവിൽ (2018-19 മുതൽ 2022-23 വരെ) കേരളത്തിലേക്കു മാത്രം ആകർഷിച്ച നിക്ഷേപം ഏകദേശം 91,573 കോടി രൂപയുടേതാണെന്ന് ദേശിയ തലത്തിൽ, എം.എസ്.എം.ഇ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠനമായ 'സ്റ്റഡി ഓൺ ഇൻവെസ്റ്റ്മെന്റ്, ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ്' എന്ന റിപ്പോർട്ടിൽ ചൂണ്ടി കാണിക്കുന്നു. കൂടാതെ 2018-19 മുതൽ 2022-23 വരെയുള്ള കാലയവിൽ 33,815 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ സംസ്ഥാനത്ത് പൂർത്തിയായതായും പഠനം പറയുന്നു. മാത്രമല്ല, കേരള സർക്കാർ നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതിയിലൂടെ നാളിതു വരെ ആകെ 3,01,647 സംരംഭങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുകയും അതുവഴി 19545.79 കോടി രൂപ നിക്ഷേപവും 6,41,136 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.<br><br>ഉത്തരവാദിത്ത വ്യവസായത്തെയും ഉത്തരവാദിത്ത നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ സർക്കാരിന്റെ പ്രധാന ലക്ഷ്യം. അതിനായുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തേക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി ചർച്ചകൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70ൽ പരം യോഗങ്ങൾ നടത്തുകയും ചെയ്തു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള പുതിയ നിക്ഷേപവും തുടർ നിക്ഷേപവും നടത്തിയ സംരംഭകരുടെ സംഗമം നടത്തിയിരുന്നു. 15000 കോടി രൂപയുടെ നിക്ഷേപമാണ് ഈ ഗണത്തിൽ പുതുതായി വന്നത്.<br><br>കൂടാതെ സംസ്ഥാനത്തുള്ള കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കുകളിൽ നാളിതുവരെ നടത്തിയ അലോട്ട്മെന്റുകൾ മുഖേന 70,000 ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ഏകദേശം 5000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിൽ എത്തിക്കുവാനും കഴിഞ്ഞു.<br><br>2021 ഏപ്രിൽ മുതൽ സെപ്റ്റംബർ 2024 വരെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കുകളിൽ 28,094 ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും ഏകദേശം 2287 കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ സമാഹരിക്കുവാനും കഴിഞ്ഞു. |
| (സി) | രാജ്യത്ത് വ്യവസായ സൗഹൃദ റാങ്കിങ്ങിൽ നിലവിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്ന് അറിയിക്കുമോ? | (സി) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 2014 മുതൽ നടപ്പിലാക്കി വരുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 22 വകുപ്പുകൾ/ ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസിനസ്സ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന സൂചികയിൽ, പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളെയാണ് ഡി.പി.ഐ.ഐ.ടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ കേരളത്തിന് ടോപ്പ് അച്ചീവർ സ്ഥാനം നേടാൻ കഴിഞ്ഞു. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. |

സെക്ഷൻ ഓഫീസർ